## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2861** **24-02-2026 - ൽ മറുപടിയ്ക്ക്**

## കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടുത്ത വരൾച്ചയെ തുടർന്ന് സംസ്ഥാനത്ത് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; ഇതിനായി എത്ര തുക അധികമായി ചെലവഴിച്ചു; | (എ) | വേനൽക്കാലത്ത് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി വിവിധ നടപടികൾ നടപ്പിലാക്കി വരുന്നു. റണ്ണിങ് കോൺട്രാക്ടർ, ബ്ലൂ ബ്രിഗേഡ് സംവിധാനത്തെ ഉപയോഗപ്പെടുത്തി ലീക്കുകൾ അടിയന്തിരമായി പരിഹരിക്കുകയും ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു . ജലസ്രോതസ്സുകളിലെ ജല ലഭ്യത നിരീക്ഷിച്ച് അതനുസരിച്ച് പമ്പിംഗ് ക്രമീകരിക്കുകയും ചെയ്യുന്നു. കൂടാതെ കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നു.<br><br>കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് കിണറുകളും ഗ്യാലറികളും വൃത്തിയാക്കുകയും ലീഡിങ് ചാനലുകളായ പൈപ്പുകളിലും ഗ്യാലറികളിലും അടിഞ്ഞ് കൂടുന്ന ചെളി നീക്കം ചെയ്ത് കിണറിനടുത്തേക്ക് ചാലുകൾ കീറിയും താൽക്കാലിക തടയണകൾ സ്ഥാപിച്ച് ലഭിക്കാവുന്ന ജലം കിണറുകളിൽ ഉറപ്പാക്കുന്നു. ലഭ്യമായ എല്ലാ ഫണ്ടുകളും ഉപയോഗിച്ച് പഴയതും നിരന്തരം പൊട്ടുന്നതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവർത്തികൾക്ക് മുൻഗണന നൽകി നടപ്പാക്കി വരുന്നു.<br><br>വേനൽ ശക്തമാകുന്ന സമയങ്ങളിൽ പുഴകളിൽ താൽക്കാലിക ബണ്ട് നിർമ്മിക്കുകയും, ടാങ്കർ ലോറി ഉപയോഗിച്ച് കുടിവെള്ള വിതരണം നടത്തുകയും ചെയ്യുന്നു. ഉയർന്ന ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിലേക്ക് പമ്പിംഗ് സമയം വർദ്ധിപ്പിച്ചും സാധ്യമായ സ്ഥലങ്ങളിൽ പ്രത്യേക ബൂസ്റ്റർ പമ്പുകൾ ഉപയോഗിച്ചും, വാൽവുകളുടെ ക്രമീകരണം നടത്തി ജല വിതരണം മെച്ചപ്പെടുത്തിയും നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | വേനൽ രൂക്ഷമാകുന്ന പക്ഷം പ്രത്യേക കൺട്രോൾ റൂം സജ്ജീകരിച്ച്, ജലദൗർലഭ്യവുമായി ബന്ധപ്പെട്ട പരാതികൾക്ക് തൽസമയ പരിഹാരം നൽകുന്നതിനുള്ള സംവിധാനം ഒരുക്കുന്നത് പരിഗണനയിലാണ്. സാധ്യമായ ഇടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടാങ്കർ ലോറി സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്.<br><br>2025-26 സാമ്പത്തിക വർഷത്തിൽ Drought Relief Work എന്ന ശീർഷകത്തിൽ 7.5 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 2.63 കോടി രൂപ അനുവദിക്കുകയും, ആയതിൽ 2.58 കോടി രൂപ ഉപയോഗിച്ചിട്ടുമുണ്ട്. |
| (ബി) | കുടിവെള്ളക്ഷാമത്തിന്റെ മറവിൽ സ്വകാര്യ ടാങ്കർ ലോറി ഉടമകൾ ജനങ്ങളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്നറിയിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ടാങ്കർ ലോറികൾ വഴി വിതരണം ചെയ്യുന്ന ജലം ശുദ്ധജല സ്രോതസ്സുകളിൽ നിന്നാണെന്ന് ഉറപ്പുവരുത്താൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റിയുടെ വെന്റിങ് പോയിന്റുകളിൽ നിന്നും ശുദ്ധീകരിച്ച ജലമാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ